# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 102 ൩1/07/2015 ൽ മറുപടിക്ക്

## കുട്ടികൾക്ക് ആരോഗ്യകരമായ സാമൂഹ്യജീവിത പഠന പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി<br>,, പി.ഉബൈദുള്ള<br>,, പി.ബി. അബ്ദുൾ റസാക്<br>,, എൻ. ഷംസുദ്ദീൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹ്യജീവിത പാഠങ്ങളും കൂടി കുട്ടികൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | എ) | എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യകരമായ സാമൂഹ്യജീവിതപാഠങ്ങളും മൂല്യങ്ങളും കുട്ടികളിൽ സന്നിവേശിപ്പിക്കുന്നതിനായി നിരവധി പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സ്ത്രീ സംരക്ഷണ നിയമങ്ങൾ കൂടുതൽ കർക്കശമാക്കിയിട്ടും പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ, കുട്ടികളിൽ സാമൂഹിക അച്ചടക്കവും എതിർലിംഗക്കാരോടുള്ള ആദരവും വളർത്തും വിധമുള്ള പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അതിനായുള്ള പഠനങ്ങൾക്ക് ആരംഭം കുറിക്കുമോ? | ബി) | സാമൂഹിക അച്ചടക്കവും എതിർലിംഗത്തിൽപ്പെട്ടവരോട് ആദരവും വളർത്തുന്ന വിധത്തിലുള്ള പാഠഭാഗങ്ങളും പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ സിലബസും പാഠപുസ്തകങ്ങളും പരിഷ്കരിക്കുമ്പോൾ ഇത് നടപ്പാക്കുന്നതാണ് എന്ന് എസ്.സി.ഇ.ആർ.ടി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ